
കോന്നിയൂർ
ആർ. നരേന്ദ്രനാഥ്

ധനഗർഭയായ സാഗരം



രണ്ടുനാഴികയിൽക്കൂടുതൽ ആഴമുള്ള ഉപ്പുവെള്ളത്തിനടിയിൽ കിടക്കുകയാണ്, ഭൂതലത്തിന്റെ പകുതിയിലേറെ പ്രദേശവും. ഇത്രയും വിസ്തീർണ്ണമുള്ള സ്ഥലത്തെ സ്ഥിതിവിവരങ്ങൾ ശേഖരിക്കാനും പഠിക്കാനും, ഗണ്യമായി പരിശ്രമമാരംഭിച്ചിട്ട്, കാൽനൂറ്റാണ്ടിലേറെയായിട്ടില്ല! കരയിലേതിനെക്കാളേറെ ധാതുവിഭവങ്ങൾ അവിടെയുണ്ട്...! സൂര്യപ്രകാശംപോലും കടന്നുചെന്നിട്ടില്ലാത്ത സാഗരാന്തർഭാഗങ്ങളിലെ സമ്പത്ത് പ്രയോജനപ്രദമായി സമ്പാദിക്കുവാൻ സാധിക്കുമെന്ന് ആധുനിക സാങ്കേതികവിദ്യ ആത്മവിശ്വാസത്തോടെ പ്രഖ്യാപിച്ചിരിക്കുന്നു. കടൽത്തീര രാജ്യങ്ങൾ തങ്ങളുടെ സമുദ്രാതിർത്തിയുടെ പരിധി പഴയതിനേക്കാളെത്രയോ ദീർഘിപ്പിച്ചുകഴിഞ്ഞു. ഈ പരിധികളുംവിട്ട് സാഗരമേഖല പിന്നെയും പരന്നുകിടക്കുകയാണ്.

ശാന്തഗംഭീരമത്രേ ആഴിയുടെ അടിത്തട്ടെന്നാണ് ആദ്യം സങ്കല്പിച്ചിരുന്നത്. എന്നാൽ ആധികാരികങ്ങളായ ആയിരം തെളിവുകൾ ആ സങ്കൽപ്പത്തെ സാധൂകരിക്കുന്നില്ല. നിരന്തരമായ മാറ്റങ്ങൾക്ക് വിധേയമാണവിടം.

7 →

വിൽ നമുക്കും പങ്കുചേരാം.

ധന.....

ശബ്ദജഢിലമാണ് സാഹചര്യം. അനേകായിരം ജീവികൾ നിലനിൽപ്പിനുവേണ്ടിയുള്ള നിരന്തരവും ഭീകരവുമായ മത്സരത്തിൽ ഏർപ്പെട്ടിരിക്കുന്നു. പ്രതീക്ഷിക്കാത്തവിധം സംഭവബഹുലമായ ലോകമാണിവിടം.

അത്യന്താധുനികങ്ങളായ സാങ്കേതികോപകരണങ്ങളുപയോഗിച്ച് സമുദ്രത്തട്ടിന്റെ മാറുന്ന മുഖച്ഛായ മനസ്സിലാക്കുവാൻ ഗവേഷകന്മാർക്ക് കുറെയൊക്കെ സാധിച്ചിട്ടുണ്ട്. അഗാധങ്ങളിലെ സമ്മർദ്ദമേറിയ ജലത്തിൽ, കാര്യക്ഷമമായി പ്രവർത്തിക്കുവാൻ പ്രത്യേകമായി സജ്ജീകരിച്ചിട്ടുള്ള ക്യാമറയിൽ, ശാന്തസമുദ്ര മേഖലയിൽപ്പെടുന്ന തട്ടുകളുടെ സ്ഥിതിഗതികളറിയാൻ, ചലച്ചിത്രങ്ങളും തയ്യാറാക്കി. ദീർഘ സമയപരിധിവച്ച് പലപ്പോഴായി എടുത്ത ഈ ചിത്രങ്ങളും ഗവേഷകന്മാരെപ്പോലും വിസ്മയിപ്പിച്ച വിവരങ്ങളാണ് കാണിച്ചത്! ക്യാമറയുടെ 'കണ്ണിൽ'പ്പെട്ട കടൽത്തട്ടിൽ, ഉറപ്പേറിയ സ്ഥാനങ്ങളായി ആദ്യംതോന്നിയ സ്ഥലങ്ങളും, ഒരു സമയപരിധികഴിഞ്ഞ്, വളരെ മൃദുത്വമുള്ള മേഖലകളായി മാറി! പാറപോലെ കിടന്നയിടം, കുറെക്കഴിഞ്ഞ് നാലുകാലുവളർത്തി, നടന്ന്, മറ്റൊരിടത്തുചെന്ന് കിടപ്പുപിടിച്ചു! പിന്നെയും പാറപോലെ വർത്തിച്ചു! മറ്റൊരു പാറ, അതിന്റെ ഒരു കോണിൽ ഭുജംവളർത്തി, പന്ത്രണ്ട് മണിക്കൂറോളം ചുഴറ്റിക്കൊണ്ടിരുന്നശേഷം, പിൻവലിച്ച് "ഞാനൊന്നുമറിഞ്ഞില്ലേ!" എന്ന മട്ടിൽ പാറപോലെ കിടപ്പായി! അതിനുശേഷം ആറുമാസത്തേക്ക് അനങ്ങിയതേയില്ല!

സാഗരത്തിന്റെ അഗാധതലങ്ങളിൽ ഒരു തിരക്കുമില്ല. വളരെ സാവധാനത്തിലേ എല്ലാം സാധിക്കുന്നുള്ളു. പ്രത്യുൽപ്പാദനപ്രായമെത്താൻ ഒരു കൊച്ചുചിപ്പിക്ക് കുറഞ്ഞത് അറുപതുകൊല്ലം വേണം! ഗവേഷണങ്ങളിൽ ഏർപ്പെട്ടിരുന്ന വേളയിൽ അത്യാഹിതത്തിന് വിധേയമായി, ഒരു മുങ്ങിക്കപ്പൽ താണുപോയി. അതിന്റെ അടുക്കളമുറിയിൽ നേരത്തെ തയ്യാറാക്കി സൂക്ഷിച്ചുവച്ചിരുന്ന റൊട്ടി–സാൻഡ്‌വിച്ച്, ഒരുകൊല്ലംകഴിഞ്ഞ്, മുങ്ങിക്കപ്പൽ വീണ്ടെടുത്ത വേളയിൽ, പഴയതുപോലെ, യാതൊരു കേടുമില്ലാതെ, ശുദ്ധമായിട്ടിരുന്നതായിട്ടാണ്, കണ്ടത്! മാറ്റമൊന്നും അതിൽ വന്നില്ല! കാലം അവിടെയൊരു പ്രശ്നമല്ലെന്നു തോന്നുന്നു. നിലച്ചുപോയ മട്ടിൽ സമയം മരവിച്ചുകിടക്കുന്നു! ഉദയാസ്തമയങ്ങളില്ലാത്ത ലോകത്തിൽ സമയത്തിന് എന്തു പ്രസക്തി?

ധനഗർഭയാണ് സാഗരമെന്ന് നമ്മുടെ പൂർവ്വികന്മാർ പറഞ്ഞിട്ടുണ്ട്. പക്ഷേ ആ പ്രസ്താവന സാധൂകരിക്കാനാവശ്യമായ വസ്തുസ്ഥിതിവിവരങ്ങളും അവർക്ക് കൈവശമുണ്ടായിരുന്നോ എന്നറിഞ്ഞുകൂടാ. എന്നാൽ ഒരു കാര്യം നിശ്ചയമാണ്. അവരുടെ വിശ്വാസം തെറ്റിയിട്ടില്ല.